(സി) ഗ്രാമപഞ്ചായത്തിന്റെ റിപ്പോർട്ട് തേടിയിട്ടില്ല. എന്നാൽ ശ്രീ. പി. സി. മാത്യു, കുടിയാംകുറ്റി, കടപ്ലാമറ്റം എന്നയാൾ വീട്ടുകരം ഇളവ് ചെയ്യണമെന്നാവശ്യപ്പെട്ട് ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകിയിരുന്നു. പരാതിക്കാരന്റെ ഉടമസ്ഥതയിൽ 2009-10 വർഷം നിർമ്മിച്ച കെട്ടിടത്തിന് വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ 2673 രൂപ നികുതി നിശ്ചയിച്ച് V/142 സി കെട്ടിടനമ്പർ നൽകുകയും തുടർന്ന് ടിയാൻ നികുതി കുറവ് ചെയ്യുന്നതിനായി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് 5% ഇളവ് അനുവദിച്ച് കെട്ടിടനികുതി 2539 രൂപയായി കുറവ് ചെയ്തിട്ടുണ്ട്.

കേരള ക്ലേയ്സ് & സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ്

210 (3187) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും, സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഫാക്ടറിയോ വ്യവസായ യൂണിറ്റോ ആരംഭിക്കുന്നതിന് ഗ്രാമ പഞ്ചായത്തിന്റെ അനുമതിയും ലൈസൻസും ആവശ്യമാണെന്ന് വ്യവസ്ഥ ചെയ്യുന്ന കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 233 പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ബാധകമല്ലെന്ന് വ്യവസ്ഥ ചെയ്യുന്ന മറ്റേതെങ്കിലും നിയമങ്ങൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ ;

(ബി) കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 233 പ്രകാരം കാസർഗോഡ് ജില്ലയിലെ കിനാനൂർ-കരിന്തളം പഞ്ചായത്തിൽ തലയാട്ടുക്കത്ത് പ്രവർത്തിക്കുന്ന കേരള ക്ലേയ്സ് ആന്റ് സിറാമിക് പ്രോഡക്ട് ലിമിറ്റഡ് കമ്പനിയുടെ ലാറ്ററൈറ്റ് ഖനിക്ക് ഗ്രാമപഞ്ചായത്ത് അനുമതിയോ ലൈസൻസോ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ ;

(സി) അനുമതി ഇല്ലെങ്കിൽ പ്രസ്തുത സ്ഥാപനം അടച്ചു പൂട്ടുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഫാക്ടറിയോ വ്യവസായ യൂണിറ്റോ ആരംഭിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ അനുമതിയും ലൈസൻസും ആവശ്യമാണെന്ന് വ്യവസ്ഥ ചെയ്യുന്ന കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 233 പൊതുമേഖലാ സ്ഥാപനങ്ങൾക്കും ബാധകമാണ്. എന്നാൽ 2014-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ട് പ്രകാരം ഇന്ത്യൻ ഭരണഘടനയുടെ 243 കൃ അനുഛേദം (1)-ാം ഖണ്ഡത്തിന്റെ ക്ലിപ്ത നിബന്ധനപ്രകാരം വ്യാവസായിക പട്ടണമായി വിജ്ഞാപനം ചെയ്തിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശങ്ങളുടെയും 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ട് പ്രകാരം വ്യവസായ പ്രദേശമായി പ്രഖ്യാപിക്കപ്പെട്ട പ്രദേശങ്ങൾക്ക് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന് വ്യാപ്തിയുണ്ടായിരിക്കില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കേരള പഞ്ചായത്ത് രാജ് ആക്ടിലെ XIX-ാം അദ്ധ്യായപ്രകാരം ഗ്രാമപഞ്ചായത്തിന് ഒരു സ്ഥാപനത്തിന്മേൽ ചുമത്താവുന്ന നികുതികളിൽ നിന്ന് അത്തരം വ്യാവസായിക പ്രദേശങ്ങളിലെ കെട്ടിടങ്ങളെ ഒഴിവാക്കിയിട്ടില്ല. (ഭേദഗതി ആക്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)

(ബി) കേരള ക്ലേയ്സ് & സിറാമിക് പ്രോഡക്ട് ലിമിറ്റഡിന്റെ കമ്പനിയുടെ ലാറ്ററൈറ്റ് ഖനിക്ക് കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് നൽകിയിട്ടില്ല. എന്നാൽ കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്തിന്റെ 30-6-2004-ലെ 3-ാം നമ്പർ തീരുമാനപ്രകാരം മേൽ സ്ഥാപനത്തിന് ഖനനം നടത്തുന്നതിനും എക്സ്പ്ലോസീവ്സ് ഉപയോഗിക്കുന്നതിനും ഗ്രാമപഞ്ചായത്തിന് വിരോധമില്ലെന്ന് ജില്ലാ കളക്ടറെ അറിയിക്കുവാൻ ഗ്രാമപഞ്ചായത്ത് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. (അനുബന്ധം)*

(സി) കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ തലയടുക്കം എന്ന സ്ഥലത്ത് 10 വർഷത്തിലധികമായി നടത്തി വരുന്ന ലാറ്ററൈറ്റ് ഖനനം പ്രസ്തുത പ്രദേശത്തിന്റെ ജൈവവൈവിധ്യത്തിന് ആഘാതമേൽപ്പിക്കുന്നതിനാൽ ഖനന പ്രവർത്തികൾ അവസാനിപ്പിക്കുന്നതിനും സ്ഥാപനത്തിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കുവാൻ നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ച് ഗ്രാമപഞ്ചായത്ത് 31-1-2015-ലെ 25/15 നമ്പരായി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ടി തീരുമാനം വ്യവസായ വകുപ്പിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത വകുപ്പ് ടി തീരുമാനം പരിശോധിച്ചുവരുന്നു.

തവനൂർ പഞ്ചായത്തിലെ കൺവീനർ വർക്കുകൾ

211 (3188) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതി പ്രവൃത്തികൾ ടെണ്ടർ ചെയ്യാതെ കൺവീനർ വർക്കാക്കി നൽകിയാൽ സാമ്പത്തിക നഷ്ടം വരാറുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മലപ്പുറം ജില്ലയിലെ തവനൂർ പഞ്ചായത്തിൽ നിലവിലുള്ള ഭരണസമിതി വന്നതിനുശേഷം എത്ര റോഡുകൾക്കാണ് ഇക അനുവദിച്ചിട്ടുള്ളത് എന്നും, എത്ര രൂപയാണ് ഇതിനായി നീക്കിവച്ചിട്ടുള്ളത് എന്നും വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly